സ്വാമിശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ദേവസ്വം ബോർഡ് സെക്രട്ടറിയേറ്റ്,
നന്തൻകോട്, തിരുവനന്തപുരം-695 003
ഫോൺ : 0471 – 2317983, ഫാക്സ് : 0471 – 2310192
ഇ-മെയിൽ : sabarimalacell@gmail.com
വെബ്സൈറ്റ്: www.travancoredevaswomboard.org

ആർ.ഒ.സി.നമ്പർ.926/16/ശബ. 06/05/2016

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
തിരുവനന്തപുരം/ഹരിപ്പാട്/പത്തനംതിട്ട/വൈക്കം

വിഷയം - തിരുവിതാംകൂർ ദേവസ്വം ബോർഡ് - ശബരിമല ശ്രീധർമ്മശാസ്താ ക്ഷേത്രത്തിലെ ആചാരങ്ങളും അനുഷ്ഠാനങ്ങളും കാത്തു സൂക്ഷിക്കുന്നതിന് -ദേവസ്വം ബോർഡ് കോളേജുകളും, സ്കൂളുകളും കേന്ദ്രീകരിച്ച് ഒപ്പ് ശേഖരണം നടത്തുന്നത് സംബന്ധിച്ച്.

സൂചന - 26/04/2016 ലെ ബോർഡ് തീരുമാനം

മേൽവിഷയത്തിലേയ്ക്കും സൂചനയിലേയ്ക്കും ശ്രദ്ധ ക്ഷണിക്കുന്നു.ശബരിമല ശ്രീധർമ്മശാസ്താ ക്ഷേത്രത്തിലെ ആചാരങ്ങളും അനുഷ്ഠാനങ്ങളും കാത്തു സൂക്ഷിക്കുന്നതിലേയ്ക്കായി ഭക്തജനങ്ങളുടെ സഹകണത്തോടെ വിപുലമായ ഒപ്പ് ശേഖരണം നടത്തുന്നതിനുള്ള പോസ്റ്ററും നോട്ടീസും തുടർനടപടികൾക്കായി അതത് ജില്ലാ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാറുടെ ഓഫീസിൽ ലഭ്യമാക്കിയിട്ടുള്ളതാണ്. ഈ സംരഭത്തിന്റെ ഭാഗമാകുന്നതിന് തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള കോളേജുകൾ, ഹയർ സെക്കൻണ്ടറി സ്കൂളുകൾ ഹൈസ്കൂളുകൾ, യു.പി സ്കൂളുകൾ, എൽ.പി സ്കൂളുകൾ, സെൻട്രൽ സ്കൂളുകൾ എന്നീ വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾ, മാതാപിതാക്കൾ, ബന്ധുജനങ്ങൾ, അദ്ധ്യാപകർ, അദ്ധ്യാപകേതര ജീവനക്കാർ എന്നിവരെ ഉൾപ്പെടുത്തി ഒപ്പ് ശേഖരണം നടത്തുന്നതിന് ജില്ലാ ഡെപ്യൂട്ടി കമ്മീഷണർമാരെ ചുമതലപ്പെടുത്തി ബോർഡ് ഉത്തരവായ വിവരം അറിയിക്കുന്നു.

ഡിപ്പാർട്ടമെന്റ് ക്ഷേത്രങ്ങളോടനുബന്ധിച്ചുള്ള ഒപ്പ് ശേഖരണവും, വിദ്യാലയങ്ങളിൽ നിന്നുള്ള ഒപ്പ് ശേഖരണവും സമാഹരിച്ച് 25/05/2016 ന് മുൻപായി ദേവസ്വം ബോർഡ് പബ്ളിക് റിലേഷൻസ് ഓഫീസറെ ഏൽപ്പിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

സെക്രട്ടറി 6/5/16

അംഗീകാരത്തോടെ

അസിസ്റ്റന്റ് സെക്രട്ടറി
ശബരിമലസെൽ

വിവരം അറിയുവാനും, തുടർ നടപടിയ്ക്കുമായി പകർപ്പ്:-

1. ദേവസ്വം കമ്മീഷണർ
2. കൾച്ചറൽ ഡയറക്ടർ
3. ജില്ലാ ഡെപ്യൂട്ടി കമ്മീഷണർമ്മാർ- പത്തനംതിട്ട, ഹരിപ്പാട്, തിരുവനന്തപുരം, വൈക്കം
4. പബ്ളിക് റിലേഷൻസ് ഓഫീസർ-ജില്ലാ ഡെപ്യൂട്ടി കമ്മീഷണർമ്മാരിൽ നിന്നും ഒപ്പ് ശേഖരണത്തിന്റെ പ്രതികൾ കൈപ്പറ്റേണ്ടതാണ്.
5. എല്ലാ സ്കൂൾ, കോളേജ് മേധാവികൾക്കും
6. ഇ.ഡി.പി സെക്ഷൻ
7. സെക്ഷൻ ഫയൽ
8. ഓഫീസ് കോപ്പി

06..05.2016
Vgk